(ബി) സഹകരണ മേഖലയിൽ പ്രൊഫഷണൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഇല്ലാത്ത തിരുവനന്തപുരം ജില്ലയിൽ അത്തരത്തിലൊരു സ്ഥാപനം ആരംഭിക്കുന്ന കാര്യം സർക്കാർ പരിഗണിക്കുമോ?

ഉത്തരം

(എ) സഹകരണ മേഖലയിൽ സംസ്ഥാനത്ത് പരിയാരം മെഡിക്കൽകോളേജും കോ-ഓപ്പറേറ്റീവ് അക്കാഡമി ഓഫ് പ്രൊഫഷണൽ എഡ്യൂക്കേഷന്റെ കീഴിൽ അഞ്ച് എഞ്ചിനീയറിംഗ് കോളേജുകളും കൊച്ചിയിൽ ഒരു മെഡിക്കൽകോളേജും ആരംഭിച്ചിട്ടുണ്ട്.

(ബി) തിരുവനന്തപുരത്ത് വലിയതുറയിൽ CAPE-ന്റെ കീഴിൽ കേരള മാരിടൈം ഇൻസ്റ്റിറ്റ്യൂട്ട് എന്ന പേരിൽ ഒരു സ്ഥാപനം തുടങ്ങാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

സഹകരണ സംഘങ്ങളിലെ നിക്ഷേപം

152 [3678] *ശ്രീ. സി. കെ. നാണു:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഈ സാമ്പത്തിക വർഷം പ്രാഥമികം മുതൽ സ്റ്റേറ്റ് സഹകരണ ബാങ്കുവരെയുള്ള നിക്ഷേപം എത്രയാണെന്ന് വ്യക്തമാക്കുമോ;

(ബി) കഴിഞ്ഞ സാമ്പത്തിക വർഷത്തെ കണക്കുമായി താരതമ്യപ്പെടുത്തുമ്പോൾ ഇതു കൂടുതലാണോ കുറവാണോ; വ്യത്യാസം എത്രയാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് ഈ സാമ്പത്തിക വർഷം പ്രാഥമികം മുതൽ സ്റ്റേറ്റ് സഹകരണ ബാങ്കുവരെയുള്ള നിക്ഷേപം ഉദ്ദേശം 17,69,742 ലക്ഷം രൂപയാണ്.

(ബി) 17-3-2005 വരെയുള്ള കണക്കനുസരിച്ച് കൂടുതലാണ്. വ്യത്യാസം 5874 ലക്ഷം രൂപയാണ്.

പ്രാഥമിക സഹകരണ സംഘങ്ങളിലെ ജീവനക്കാരുടെ ശമ്പള പരിഷ്കരണം

153 [3679] *ശ്രീ. കെ. മോഹൻകുമാർ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly